## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## ഇന്ദിരാ ആവാസ് യോജന

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4003 — 16-05-2017-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ. പി.വി. അൻവർ<br>ശ്രീ. വി. ജോയി | | ഡോ. കെ.ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
| (എ) | ഇന്ദിരാ ആവാസ് യോജനയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (എ) | ഉണ്ട്. 2011-12 മുതൽ 2015-16 വരെ സംസ്ഥാനത്ത് ഇന്ദിര ആവാസ് യോജന പദ്ധതിയിൽ ആകെ 294670 വീടുകൾ അനുവദിക്കുകയും ഇതിൽ 275038 വീടുകൾ പൂർത്തികരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 19632 വീടുകൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | 2015-16 വർഷം ലക്ഷ്യമാക്കിയിരുന്ന വീടുകളുടെ പൂർത്തീകരണം എത്ര ശതമാനം വിജയിച്ചിട്ടുണ്ടെന്നും അത് ഏതെല്ലാം വിഭാഗങ്ങൾക്കാണെന്നും വെളിപ്പെടുത്തുമോ; | (ബി) | 2015-16 വർഷത്തിൽ അനുവദിച്ച വീടുകളിൽ 74.77% നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.<br>പൊതു വിഭാഗം: 11679<br>ന്യൂനപക്ഷം: 14862<br>പട്ടികജാതി: 13460<br>പട്ടികവർഗ്ഗം: 2019<br>ആകെ: 42020 |
| (സി) | 2016-17 വർഷം പ്രസ്തുത പദ്ധതിയിലൂടെ പൂർത്തീകരിക്കാനുദേശിച്ച വീടുകൾ എത്രയെന്നും അതിനാവശ്യമായ തുകയുടെ വിശദാംശവും ഇതുവരെ നടത്തിയ പ്രവർ | (സി) | 2016-17 സാമ്പത്തിക വർഷം മുതൽ ഇന്ദിര ആവാസ് യോജന പദ്ധതി നിർത്തലാക്കി, പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) ഭവന പദ്ധതി നടപ്പിലാക്കി വരുന്നു. 2016-17 വർഷം സംസ്ഥാനത്ത് |

| | | | |
|---|---|---|---|
| | ത്തനങ്ങളും വിവരിക്കാമോ? | | 32559 വീടുകളാണ് കേന്ദ്ര സർക്കാർ അനുവദിച്ചിരിക്കുന്നത്. ഒരു വീടിന് 1,20,000/- രൂപ ക്രമത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിൽ തുക അനുവദിക്കുന്നു. ഭൗതികലക്ഷ്യമനുസരിച്ച് ആകെ അനുവദിക്കുന്ന തുക - 32559 X 1,20,000 = 39,070.8 ലക്ഷം രൂപ 2016-17 വർഷത്തെ ഭൗതിക ലക്ഷ്യത്തിൽ 12666 വീടുകളാണ് അനുവദിച്ചിട്ടുള്ളത്. പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) ഭവന പദ്ധതിയിലുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് എസ്.ഇ.സി.സി ലിസ്റ്റിൽ നിന്നായതിനാൽ അർഹരായ ഗുണഭോക്താക്കളെ ടി ലിസ്റ്റിൽനിന്നും ലഭിക്കാത്തതിനാൽ മുഴുവൻ ഗുണഭോക്താക്കളും 2016-17 വർഷം സാങ്ഷൻ ചെയ്യുവാൻ സാധിച്ചിരുന്നില്ല. ഭൗതികലക്ഷ്യമനുസരിച്ചുള്ള മുഴുവൻ ഗുണഭോക്താക്കളേയും രജിസ്റ്റർ ചെയ്യുന്നതിന് എല്ലാ ജില്ലകൾക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്. |

**സെക്ഷൻ ഓഫീസർ**